# പരലോകം

മനുഷ്യർ മരിച്ചു പോകുന്നത് നാം കാണാറില്ലേ ?
ചെറിയവരെന്നോ വലിയവരെന്നോ വ്യത്യാസമില്ല.
ജനിച്ചവരെല്ലാം മരിക്കും. നമുക്ക് മുമ്പ് എത്രയോ
മനുഷ്യർ മരിച്ചു. ഇനി നമ്മളും മരിക്കും.
ഈ ലോകം മുഴുവൻ അവസാനിക്കും. അതിനാണ്
ഖിയാമത്തു നാൾ എന്ന് പറയുന്നത്.

ലോകാവസാനത്തിനു ശേഷം എല്ലാവരേയും അല്ലാഹു
മറ്റൊരു ലോകത്ത് വീണ്ടും ജീവിപ്പിക്കും. ആ ലോകത്തിന്
പരലോകം എന്നു പറയുന്നു.

നാം അല്ലാഹുവിൽ വിശ്വസിച്ചു ജീവിക്കണം. അവനെ മാത്രം
ആരാധിക്കണം. മുഹമ്മദ് നബിയെﷺ അനുസരിക്കണം.
എങ്കിൽ മാത്രമേ മരണശേഷം പരലോകത്ത്
നമുക്ക് സ്വർഗം ലഭിക്കുകയുള്ളൂ. നമ്മൾ ഇഷ്ടപ്പെടുന്ന
എല്ലാ സുഖങ്ങളും സന്തോഷങ്ങളും അല്ലാഹു
സ്വർഗത്തിൽ ഒരുക്കി വെച്ചിട്ടുണ്ട്. നല്ലവരായി
ജീവിച്ചവർക്കേ അത് കിട്ടുകയുള്ളൂ.
അല്ലാത്തവർക്ക് പരലോകത്ത് നരകമാണ് കിട്ടുക.

അല്ലാഹു നമ്മെ നരകത്തിൽ നിന്ന് കാത്തു രക്ഷിക്കട്ടെ.

കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്